# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3809** 23.08.2017-ൽ **മറുപടിക്ക്**

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

| | ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ എം.എൽ.എ മാരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കുമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി വൈദ്യുത വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിനായി എം.എൽ.എ.- മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗപ്പെടുത്തി എച്ച്.റ്റി., എൽ.റ്റി. ലൈൻ നിർമ്മാണം. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, സിംഗിൾ ഫേസ് റ്റു ത്രീ ഫേസ് കൺവർഷൻ തുടങ്ങിയ പ്രവർത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്. |
| (ബി) | ഓരോ മണ്ഡലങ്ങളിലും ഇത്തരത്തിൽ നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും മറ്റും എം.എൽ.എ. മാരെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (ബി) & (സി) | സ്വീകരിക്കുന്നതാണ്. എം.എൽ.എ.-മാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് വിനിയോഗപ്പെടുത്തി നടപ്പിലാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുന്ന "Utilization Certificate" തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്. |
| (സി) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**